2. ശ്രീ. അടൂർ പ്രകാശ്

1. വി.സി.2/08/എൻ.ആർ.കെ.

3. ശ്രീ. സി.എൻ. ബാലകൃഷ്ണൻ

1. വി.സി.7/10/റ്റി.എസ്.ആർ.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ മന്ത്രിമാർക്കെതിരെ 12 ക്രിമിനൽ കേസ്സുകൾ നിലവിലുണ്ടായിരുന്നു. കേസ്സുകളുടെ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രീ. പി. ജെ. ജോസഫ്

1. വി.സി.5/12/ഇ.ആർ.കെ.

2. വി.സി.6/12/ഇ.ആർ.കെ.

3. വി.സി.7/13/റ്റി.എസ്.ആർ.

2. ശ്രീ. കെ.എം. മാണി

വി.സി.6/14/എസ്. ഐ.യു. -1

ശ്രീ. മുനീറിനെതിരെ 8 കേസ്സുകളും മേൽ നടപടികൾ ആവശ്യമില്ലായെന്ന ശിപാർശ കോടതി അംഗീകരിച്ച് അവസാനിപ്പിച്ചിട്ടുണ്ട്. വി.സി.1/09/എസ്. ഐ.യു.-1 എന്ന കേസ്സിൽ ഒരു സി.എം.പി. നിലവിലുണ്ട്. ശ്രീ. സി.എൻ. ബാലകൃഷ്ണന്റെ പേരിലുള്ള കേസ് തുടർനടപടികൾ ആവശ്യമില്ലായെന്ന് കണ്ട് അവസാനിപ്പിച്ചു. മന്ത്രിമാർക്കെതിരെ ഉണ്ടായിരുന്ന 9 ക്രിമിനൽ കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്.

പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട്

255 (261) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് -1958 നിയമ പ്രകാരമുള്ള പരിരക്ഷ നിലവിൽ സംസ്ഥാനത്ത് എത്രപേർക്ക് ലഭിക്കുന്നുണ്ട് ;

(ബി) പ്രസ്തുത ആക്ടിന്റെ പരിരക്ഷ സംസ്ഥാനത്ത് കാര്യമായി പ്രയോജന പ്പെടുത്താത്ത സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) ആദ്യമായി കുറ്റം ചെയ്യുന്നവരെ നിരീക്ഷിക്കുന്നതിനും ജയിലുകളിലേയ്ക്ക യക്കുന്നത് ഒഴിവാക്കുന്നതിനുമായി ഈ നിയമം കാര്യക്ഷമമാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ഡി) നിയമത്തിന്റെ വകുപ്പുകൾ ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിൻ കീഴിലുള്ള പ്രൊബേഷൻ സംവിധാനത്തിൽ നിലവിൽ 99 പേർക്ക് പരിരക്ഷ ലഭിക്കുന്നുണ്ട്.

(ബി) പ്രസ്തുത ആക്ടിന്റെ പരിരക്ഷ അർഹരായവർക്ക് പരമാവധി ലഭ്യമാക്കുന്നതിനും പ്രൊബേഷൻ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആക്ട് അനുശാസിക്കുന്ന തരത്തിലുള്ള പ്രൊബേഷൻ സമ്പ്രദായം പ്രാവർത്തികമാക്കുന്നതിനും ആക്ടിന്റെ പരിരക്ഷ പരമാവധി ലഭ്യമാക്കുന്നതിനുമായി 'നേർവഴി' എന്ന പേരിൽ ഒരു നൂതന പദ്ധതി സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കിവരുന്നുണ്ട്.

(സി) പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് സംസ്ഥാനത്ത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി പുതുതായി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'നേർവഴി'. 6 മാസം വീതം ദൈർഘ്യമുള്ള അഞ്ച് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടം നാല് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. ആദ്യമായി കുറ്റം ചെയ്യുന്നവരേയും രണ്ട് വർഷത്തിലധികം ജയിൽ ശിക്ഷ ലഭിക്കാൻ സാദ്ധ്യതയില്ലാത്ത ലഘു കുറ്റകൃത്യങ്ങളിലേർപ്പെട്ടവരേയും മേൽ നിയമത്തിന്റെ വകുപ്പ് (3) പ്രകാരം താക്കീത് നൽകി വിട്ടയയ്ക്കുന്നതിന് കോടതിക്ക് അധികാരമുണ്ട്. കൂടാതെ യുവ കുറ്റവാളികളെയും ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിലേർപ്പെട്ടവരേയും ജയിലിൽ അടയ്ക്കാതെ സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർമാരുടെ നിരീക്ഷണത്തിൽ സമൂഹത്തിൽ പുനരധിവസിപ്പിക്കുന്നതിനും അതുവഴി കുറ്റവാളികളെ മനഃപരിവർത്തനത്തിനും നിയമം അവസരം നൽകുന്നുണ്ട്. ആയതിനാൽ പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അർഹരായവർക്ക് മേൽ നിയമ പ്രകാരമുള്ള പരിരക്ഷ ഉറപ്പാക്കുന്നതിനുമായി ജുഡീഷ്യറി, പോലീസ്, ജയിൽ പ്രോസിക്യൂഷൻ തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ സംവിധാനവുമായി ഏകോപിപ്പിച്ച് അതുവഴി പ്രൊബേഷൻ സംവിധാനം ശക്തിപ്പെടുത്തുന്നതിനും ഈ സംരംഭത്തിൽ സന്നദ്ധസംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ 'നേർവഴി' പദ്ധതിയിലൂടെ പുരോഗമിച്ചുവരുന്നു.

(ഡി) നിയമത്തിലെ വകുപ്പുകൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണവും വിദഗ്ദ്ധ പരിശീലനവും നേർവഴി പദ്ധതിയിലൂടെ നൽകിവരുന്നുണ്ട്. കൂടാതെ നിലവിലെ സാമൂഹ്യ വ്യവസ്ഥിതിയിൽ ടി നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ആവശ്യകതയും പ്രായോഗികതയും സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനവും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.